പതിനഞ്ചാം കേരളനിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*105 | 10/06/2021 ലെ മറുപടി

## സ്കൂൾ പ്രവേശനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ<br>ശ്രീ . കെ .ഡി .പ്രസേനൻ<br>ശ്രീ എം എസ് അരുൺ കുമാർ<br>ശ്രീ. ലിന്റോ ജോസഫ് | ശ്രീ. വി. ശിവൻകുട്ടി<br>(പൊതു വിദ്യാഭ്യാസവും<br>തൊഴിലും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ ഒന്ന് മുതൽ ഒൻപതാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികളുടെ സ്ഥാനക്കയറ്റ നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) ഉണ്ട്.<br>2020-21 അധ്യയന വർഷത്തെ 1 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ വർഷാന്ത്യ വിലയിരുത്തലും, ക്ലാസ്സ് പ്രൊമോഷനും നടത്തുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ 18/05/2021 ലെ ക്യൂ.ഐ.പി/9141/2020/ഡി.ജി.ഇ നമ്പർ സർക്കുലർ പ്രകാരം നൽകിയിട്ടുണ്ട്. 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് വിദ്യാഭ്യാസാവകാശ നിയമ പ്രകാരവും 9-ാം ക്ലാസ്സിലെ കുട്ടികൾക്ക് നിലവിലെ അസാധാരണ സാഹചര്യങ്ങൾ പരിഗണിച്ചും തൊട്ടടുത്ത ക്ലാസ്സിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുകയുണ്ടായി. നിരന്തര വിലയിരുത്തലും വർക്ക് ഷീറ്റുകൾ അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തനങ്ങളും ഇതിനായി ഉപയോഗപ്പെടുത്തുന്നുണ്ട്. |
| (ബി) കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഒന്നാം ക്ലാസ്സിലേയ്ക്കുള്ള പ്രവേശനം ഓൺലൈനായി ആരംഭിച്ചിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സമ്പൂർണ്ണ പോർട്ടൽ വഴി ഇതിനകം എത്ര കുട്ടികൾ ഒന്നാം ക്ലാസ്സിലേയ്ക്ക് പ്രവേശനം നേടിയിട്ടുണ്ടെന്ന് | (സി) 04/06/2021 ലെ കണക്കുകൾ പ്രകാരം 2,09,781 കുട്ടികൾ 1-ാം ക്ലാസ്സിൽ പ്രവേശനം നേടിയതായി സമ്പൂർണ്ണ പോർട്ടലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |

അറിയിക്കാമോ?

സ്കൂളുകളിൽ നേരിട്ടെത്തിയും, ഫോൺ മുഖാന്തിരവും, ഇ-മെയിൽ വഴിയും ഇതിനേക്കാൾ കൂടുതൽ അപേക്ഷകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. അഡ്മിഷൻ നടപടികൾ തുടരുന്നതിനാൽ അന്തിമ കണക്ക് ലഭ്യമാകാനിരിക്കുന്നതേയുള്ളു.

സെക്ഷൻ ഓഫീസർ

# <u>വിശദീകരണക്കുറിപ്പ്</u>

2020-21 അധ്യയന വർഷത്തെ 1 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ വർഷാന്ത്യ വിലയിരുത്തലും, ക്ലാസ്സ് പ്രൊമോഷനും നടത്തുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ 18/05/2021 ലെ ക്യൂ.ഐ.പി/9141/2020/ഡി.ജി.ഇ നമ്പർ സർക്കുലർ പ്രകാരം നൽകിയിട്ടുണ്ട്. 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് വിദ്യാഭ്യാസാവകാശ നിയമ പ്രകാരവും 9-ാം ക്ലാസ്സിലെ കുട്ടികൾക്ക് നിലവിലെ അസാധാരണ സാഹചര്യങ്ങൾ പരിഗണിച്ചും തൊട്ടടുത്ത ക്ലാസ്സിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുകയുണ്ടായി. നിരന്തര വിലയിരുത്തലും വർക്ക് ഷീറ്റുകൾ അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തനങ്ങളും ഇതിനായി ഉപയോഗപ്പെടുത്തുന്നുണ്ട്.

കോവിഡിന്റെ പശ്ചാത്തലത്തിൽ പൊതുവിദ്യാലയങ്ങളിൽ 1-ാം ക്ലാസ്സിലേയ്ക്ക് അഡ്മിഷൻ നേടുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിന് വിവിധ മാർഗ്ഗങ്ങൾ ലഭ്യമാക്കിയിരുന്നു. സമ്പൂർണ്ണ പോർട്ടൽ വഴിയും, ഫോൺ മുഖേന സ്കൂൾ അധികൃതരുമായി ബന്ധപ്പെട്ടും, ഇ-മെയിൽ മുഖാന്തിരവും, നേരിട്ടും സ്കൂളിലേയ്ക്ക് അപേക്ഷ നൽകുന്നതിനുള്ള സൗകര്യം ഒരുക്കിയിരുന്നു. അപ്രകാരം ലഭിച്ച എല്ലാ അപേക്ഷകളും പരിഗണിച്ചിട്ടുണ്ട്. അഡ്മിഷൻ നടപടികൾ തുടരുന്നതിനാൽ അന്തിമ കണക്ക് ലഭ്യമാകാനിരിക്കുന്നതേയുള്ളൂ

സെക്ഷൻ ഓഫീസർ